LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി

46 (3477) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസ് പ്രവർത്തിച്ചിരുന്നതും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയോട് ചേർന്നുനിൽക്കുന്നതുമായ കെട്ടിടം കേടുപാടുതീർത്ത് നവീകരിച്ച് പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇതിന്റെ ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അടിയന്തരമായി നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) പ്രസ്തുത കെട്ടിടം നവീകരണത്തിനായി 2,41,00,000 (രണ്ടു കോടി നാൽപ്പത്തിയൊന്ന് ലക്ഷം) രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

ചടയമംഗലം പി. എച്ച്. സെന്റർ

47 (3478) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചടയമംഗലം പി.എച്ച്. സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതിനാൽ ഭരണാനുമതി ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

ചടയമംഗലം പി.എച്ച്. സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേശവപുരം സി.എച്ച്.സി.

48 (3479) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേശവപുരം സി.എച്ച്.സി.-യിൽ ഏതെല്ലാം വിഭാഗങ്ങൾക്കാണ് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ അനുവദിച്ചിട്ടുള്ളതെന്നും ഏതെല്ലാം വിഭാഗം ഇവിടെ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ;